പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1603

13-6-2014-ൽ മറുപടിക്ക്

വിവാഹ രജിസ്ട്രേഷൻ ചട്ടം ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ: | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്തില്ലെങ്കിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യണമെങ്കിൽ വിവാഹ രജിസ്ട്രാർ ജനറലിന്റെ (ഡി.ഡി.പി) അനുമതി ആവശ്യമാണെന്നുള്ള 2008-ലെ വിവാഹ രജിസ്ട്രേഷൻ ആക്ടിലെ ചട്ടം, വിവാഹം കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ വിവാഹ മെമ്മോറാണ്ടം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ ചെയ്തില്ലെങ്കിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യണമെങ്കിൽ വിവാഹ രജിസ്ട്രാറുടെ അനുമതി ആവശ്യമാണെന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന പ്രസ്തുത രീതിയിൽ ചട്ടം ഭേദഗതി ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (എ) & (ബി) ഉണ്ട്. 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി വിവാഹം കഴിഞ്ഞ് ഒരു വർഷം എന്നത് അഞ്ച് വർഷം എന്നാക്കി 2014 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ. (അച്ചടിച്ചത്) 57/2014/നിയമം നമ്പർ ഉത്തരവ് പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആയത് 2014 ഏപ്രിൽ 24-ാം തീയതിയിലെ 1073-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ